പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 2

25.4.2017 ൽ മറുപടിക്ക്

## പോലീസ് സേനയുടെ ആധുനികവത്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സേനയുടെ ആധുനികവത്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം നൽകുമോ; | എ) പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 100 സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കിക്കൊണ്ട് ആധുനിക കമ്പ്യൂട്ടറുകളും അന്വേഷണത്തിനുതകുന്ന സോഫ്റ്റ് വെയറുകളും തയ്യാറാക്കി കേസന്വേഷണത്തിന് ഇവ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു.<br><br>എല്ലാ ജില്ലകളിലും ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികളും തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത ലോക്കപ്പ് സെന്റർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>19 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>പോലീസ് അക്കാഡമിയെ സ്മാർട്ട് ക്ലാസ് റൂം, സൈബർ ഫോറൻസിക് ലാബ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു സ്മാർട്ട് അക്കാഡമി ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഒരു എത്തിക്കൽ ഹാക്കേഴ്സ് ടീം രൂപീകരിച്ചിട്ടുണ്ട്.<br><br>ഫിംഗർപ്രിന്റ് ബ്യൂറോയും ടെലികമ്മ്യൂണിക്കേഷനേയും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ അഞ്ച് പ്രധാന നഗരങ്ങളിലും കണ്ണൂർ ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റവർക്ക് സിസ്റ്റം' 514 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുംവിധമുള്ള പരിശീലനങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. |
| ബി) | ജനമൈത്രി സുരക്ഷാ പദ്ധതി ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) | ജനമൈത്രീ പോലീസിംഗ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. |
| സി) | സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്കും പ്രായമായവർക്കും സംരക്ഷണമൊരുക്കുന്നതിനും പ്രത്യേക ശ്രദ്ധപതിപ്പിക്കുമോ; | സി) | സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പിങ്ക് പട്രോളിന് പുറമേ സ്ത്രീകൾക്ക് വേണ്ടി മൊബൈൽ ആപ്ലിക്കേഷനുകളും, വെബ് പ്ലാറ്റ്ഫോമുകളും തയ്യാറാക്കിവരുന്നു. പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെൽപ്പ് ഡെസ്ക്, ടോയ്ലറ്റോടുകൂടിയുള്ള വിസിറ്റേഴ്സ് റൂം മുതലായവ സ്ഥാപിച്ചുവരുന്നു. അത്യാവശ്യഘട്ടങ്ങളിൽ വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നു.<br><br>എല്ലാ പോലീസ് സ്റ്റേഷനുകളുടെ പരിധിയിലും ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരുവിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും ജനമൈത്രീ ബീറ്റുകൾ ഇവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു.<br><br>പ്രായാധിക്യത്താൽ വലയുന്നവരുടേയും ആലംബമറ്റ വൃദ്ധജനങ്ങളുടേയും സുരക്ഷയ്ക്കാവശ്യമായ എല്ലാ സഹായവും നൽകണമെന്നുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയാനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ? | ഡി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ കേരള പോലീസ് സൈബർ ഡോം തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിച്ചു വരുന്നു. ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണിയാകുന്ന വസ്തുതകളേയും, സൈബർ ക്രൈമുകളേയും നിരീക്ഷിക്കുന്നതിന് സഹായകരമായ സോഫ്റ്റ് വെയറുകൾ സൈബർ ഡോമിൽ സ്ഥാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവ മുഖാന്തിരം ബോധവൽക്കരണം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ